

THE BIBLE
TRUTH

# ബൈബിൾ വിവരണം

(66 പുസ്തകങ്ങൾ)

## മതകാലയളവ്



# THE BIBLE TRUTH

Editors

P. K. VARGHESE — J. C. CHOATE

ooo ooo ooo

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 18 | June 2004 | No. 3

## എഡിറേറാറിയൽ

ഇന്നത്തെ യുവതലമുറ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ സങ്കീർണ്ണമായ ഒന്നാണ് തൊഴിലില്ലായ്മ എന്നു പറയപ്പെടുന്ന ഒന്ന്. വാസ്തവത്തിൽ ഇങ്ങനെ എത്തിച്ചേരുവാനിടയായ സാഹചര്യം എന്താണ് എന്നു നാം ആലോചിക്കണം. യുവതീയുവാക്കളെ തെററായ മാർഗ്ഗത്തിലേക്കു തിരിച്ചു വിടുവാൻ ഇതും ഒരു കാരണമായി തീരുന്നുണ്ട്. ഏതൊരു രാജ്യത്തിലും സമൂഹത്തിന്റെ നട്ടെല്ലായി തീരുന്നതു അവിടത്തെ യുവാക്കളാണ്. അവർ പരാജയത്തിലും നിരാശയിലും ആണെങ്കിൽ സംഭവിക്കുന്നതു നമുക്കു ഊഹിക്കാവുന്നതേയുള്ളു. മാതാപിതാക്കളും കുട്ടികളും ഒത്തൊരുമിച്ചു വസിക്കേണ്ടതാണ് ഓരോ കുടുംബത്തിലും. എന്നാൽ അതു സാദ്ധ്യമാകാത്തതുകൊണ്ടു അവർക്കിടയിൽ സ്നേഹത്തിന്റെ വലിയൊരു വിടവുണ്ടാകുന്നു. അടുത്തതായി അവരുടെ പ്രതീക്ഷ അസ്ഥാനത്തെന്നു ബോദ്ധ്യമാകുമ്പോൾ അവർ മാനസികമായി നിരാശരായി തീരും. അതു അവരുടെ വ്യക്തിത്വത്തെയും സ്വഭാവത്തെയും ബാധിക്കും. വെറുപ്പും വിദ്വേഷവും അവരിൽ വളരും. അങ്ങനെയുള്ള കുട്ടികളുടെ നിഷേധ ഭാവങ്ങളുടെ കാരണം എന്തെന്നറിയാതെ അവരെ കുററപ്പെടുത്തുന്നതിൽ അർത്ഥമില്ല.

മാതാപിതാക്കൾ തങ്ങളുടെ മക്കൾക്കു കൊടുക്കേണ്ട ദിശാബോധം, ലക്ഷ്യം എന്നിവ സുപ്രധാനമാണ്. സ്ഥിരതയുള്ള ഗവൺമെന്റു ജോലി അല്ലെങ്കിൽ അധിക വേ

തനം എന്ന ലക്ഷ്യം കുട്ടികളിൽ വളർത്തി വിട്ടാൽ അതു ലഭിക്കാതെ വരുമ്പോൾ അവർ തങ്ങളുടെ പരാജയത്തിൽ വിധിയെ പഴിക്കും. പഠിച്ചവർക്കു എല്ലാവർക്കും ജോലിയില്ലല്ലോ. പിന്നെ ഞാനെന്തിനു പഠിക്കണം എന്ന ചിന്താഗതി ചിലരിൽ കണ്ടേക്കാം. എന്നാൽ നമ്മുടെ വിദ്യാഭ്യാസം അറിവിനു വേണ്ടിയും തൊഴിലിനു വേണ്ടതായ പരിശീലനവും ഉൾപ്പെടുന്ന ഒന്നായി മാറിയാലേ ഇതിനു പരിഹാരം വരികയുള്ളു. കുട്ടികളിൽ അപകർഷതാബോധം വളരുന്നതു അവരുടെ കഴിവുകൾ കണ്ടെത്തി അതുപയോഗിക്കാൻ അവസരം ലഭിക്കാത്തതുകൊണ്ടാണ്. ഏതു തൊഴിലിനും ഉള്ള ധാർമ്മികത്വം മനസിലാക്കി അതു തിരഞ്ഞെടുക്കണം. നീതി നിഷേധിക്കുന്നതോ, നിയമം ലംഘിക്കുന്നതോ ആയ ജോലി കണ്ടെത്തരുതു. ചുരുങ്ങിയ വേതനമാണെങ്കിലും ആത്മസംതൃപ്തിയോടെ ചെയ്യാൻ കഴിയുന്ന തൊഴിൽ ചെയ്യുന്നതിൽ ഒരു അഭിമാനക്കുറവും വിചാരിക്കേണ്ട. ലളിത ജീവിതം ആയിരിക്കണം കുട്ടികളിൽ വളർത്തേണ്ടതു. സുഭിക്ഷതയിൽ വളരുന്ന കുട്ടികൾ ഭാവിയിൽ അലസരായി തീരാൻ സാദ്ധ്യതയുണ്ട്.

ഏതു സാഹചര്യത്തേയും വെല്ലുവിളിയെയും നേരിടുവാനുള്ള ഒരു ഉറപ്പു അവരിൽ ജനിപ്പിക്കണം. ബാല്യത്തിൽ അവരെ ദൈവിക വഴി പഠിപ്പിച്ചു വളർത്തണം. സമൂഹത്തിനു അവരെ പ്രയോജനപ്പെടുത്തുവാൻ ശ്രമിക്കണം. സ്വാർത്ഥ ലാഭം ഒഴിവാക്കി നിസ്വാർത്ഥമായ, നിർവ്യാജമായ ജീവിത രീതി അവരെ പഠിപ്പിക്കണം. സത്യവും നീതിയും യുവത്വത്തിൽ നിറഞ്ഞു നിന്നാൽ ആ സമൂഹം ഉയരുക തന്നെ ചെയ്യും. മററുള്ളവർക്കു നന്മ ചെയ്യുന്നതാണ് മഹത്തായ ധർമ്മം എന്നു തിരിച്ചറിയണം. യേശുക്രിസ്തു ഈ ഭൂമിയിൽ വന്നു മനുഷ്യവർഗ്ഗത്തെ പാപത്തിൽ നിന്നു ഉദ്ധരിക്കുവാൻ തന്റെ ജീവിതം മുഴുവൻ സമർപ്പിച്ചു. ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുക.

★

# 2002-ൽ എന്തു സംഭവിക്കുമെന്നു മനുഷ്യർ വിസ്മയിച്ചിരുന്നു

**J. C. ചോട്ട്**

20-ാം നൂററാണ്ടു അവസാനിക്കുമ്പോൾ എന്തൊക്കെ സംഭവിക്കുമെന്ന ആകുലതയിലായിരുന്നു ജനങ്ങൾ. എന്തൊക്കെ അത്ഭുതങ്ങളാണ് നടക്കാൻ പോകുന്നതു എന്നു വിസ്മയിച്ച് വിചാരപ്പെട്ടിരുന്നവർ ഉണ്ടായിരുന്നു. 2000 തികയുമ്പോൾ എന്തെല്ലാമാണ് സംഭവിക്കാനിരിക്കുന്നതെന്നു ആകാംഷയോടെ കാത്തിരുന്നവർ വളരെയുണ്ടായിരുന്നു. ഉൽക്കണ്ഠ എല്ലാവർക്കും ഉണ്ട്. എന്നാൽ ഭാവിയിൽ പ്രത്യേക വർഷങ്ങളിൽ വിസ്മയാവഹമായ കാര്യങ്ങൾ നടക്കുമെന്നു വിചാരിച്ചു കാത്തിരുന്നവർക്കു അതു സംഭവിക്കാതെ വന്നപ്പോൾ നിരാശയുണ്ടായി കാണും. ചരിത്രത്തിലെ ഒരു ഘട്ടം കഴിഞ്ഞു മറെറാരു ഘട്ടത്തിലേക്കു നാം കടന്നിരിക്കയാണ്. 21-ാം നൂററാണ്ടിൽ തങ്ങളുടെ രാജ്യം ആർ നയിക്കും എന്നതിനെ കുറിച്ചു വ്യാകുലപ്പെട്ടിരുന്ന രാഷ്ട്രീയക്കാരും ഉണ്ടായിട്ടുണ്ട്. കൂടാതെ 20-ാം നുററാണ്ടിൻെറ അവസാനവും 21-ാം നൂററാണ്ടിൻെറ ആരംഭവും ഓർമ്മിക്കത്തക്ക സന്ദർഭമായി സൂക്ഷിക്കാൻ ലോകത്തുള്ള മതവിഭാഗങ്ങളെല്ലാം ശ്രദ്ധിച്ചതായി കാണുന്നു.

വാസ്തവത്തിൽ നൂററാണ്ടുകൾ അവസാനിക്കയും മറെറാന്നു ആരംഭിക്കയും ചെയ്യുന്നതു സാധാരണ ഓരോ വർഷവും അവസാനിക്കയും മറെറാന്നു ആരംഭിക്കയും ചെയ്യുന്നതു പോലെയാണ്. പറയത്തക്ക വ്യത്യാസങ്ങൾ ഒന്നും ഇല്ല. എന്നാൽ പ്രത്യേകിച്ച് കർത്താവിനു ഈ കാര്യത്തിൽ എന്താണ് ഉള്ളതു ? പത്രൊസ് പറഞ്ഞ കാര്യം ഓർമ്മിക്കുക. ''കർത്താവിനു ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം

പോലെയും ആകുന്നു എന്നീ കാര്യം നിങ്ങൾ മറക്കരുതു'' (2 പത്രൊസ് 3:8).

2000-മാണ്ടു സ്വാഗതം ചെയ്യുവാൻ അനേകർ യെരുശലേമിൽ ഒത്തുകൂടി. അവർ വിചാരിച്ചതു അന്നു ആ സ്ഥലത്തു എന്തെങ്കിലും വിശേഷിച്ചു സംഭവിക്കും എന്നായിരുന്നു. വേറെ ചിലർ കരുതിയതു യേശു അന്നു യെരുശലേമിൽ വീണ്ടും വന്നു തൻെറ ഭൗതികമായ ആയിരമാണ്ടു വാഴ്ച്ച നീതിമാന്മാരോടു കൂടി ആരംഭിക്കും എന്നായിരുന്നു. ഈ ഊഹാപോഹങ്ങളും കാത്തിരിപ്പുമെല്ലാം വൃഥാവാകാൻ കാരണം എന്തെന്നാൽ യേശുക്രിസ്തു അങ്ങനെ വാഗ്ദാനം ചെയ്തിട്ടില്ല എന്നതാണ്. ''ആ നാളും നാഴികയും സംബന്ധിച്ച് സ്വർഗ്ഗത്തിലെ ദൂതന്മാർക്കു പോലും അറിഞ്ഞുകൂടാ (മത്തായി 24:36). പിതാവിൻെറ കാലവും സമയവും നാം അറിയേണ്ടതില്ല എന്നു കർത്താവു മുന്നറിയിച്ചിട്ടുണ്ട്. പിതാവിനു മാത്രം അറിയാവുന്ന കാര്യമാണ് കർത്താവിൻെറ വീണ്ടും വരവെങ്കിൽ മനുഷ്യർക്കു അതെങ്ങനെ ഗണിക്കാൻ പററും ? കർത്താവു 2000-ൽ വരുമെന്നു എങ്ങനെ വിശ്വസിക്കാൻ കഴിയുമായിരുന്നു അവർക്കു ബൈബിൾ പരിജ്ഞാനം ഉണ്ടായിരുന്നെങ്കിൽ ? കർത്താവു 2000 ത്തിനു മുൻപും പിൻപും വരാതിരുന്നതിൻെറ കാരണം അതു മനുഷ്യരുടെ കണക്കുകൂട്ടലിനപ്പുറമാണെന്നു വ്യക്തമാക്കുന്നു. ദൈവത്തിനുള്ള കാര്യങ്ങൾ ദൈവത്തിനു മാത്രമായി വിട്ടു കൊടുക്കുക.

എന്നാൽ 2000 വർഷം ആളുകൾ കണക്കു കൂട്ടുന്നതു ശരിയാണോ എന്നു നമുക്ക് എങ്ങനെ അറിയാം. ആരംഭം എപ്പോഴായിരുന്നു എന്നു എങ്ങനെ അറിയാം ? ഭൗതികമായ ഇത്തരം അറിവുകളെയല്ല ദൈവിക കാര്യങ്ങൾക്കു നാം ദൈവവചനത്തെ കാര്യകാരണ സഹിതം ആത്മികമായി വിവേചിക്കണം. വർഷങ്ങളും കാലങ്ങളും സമയങ്ങളുമെല്ലാം മനുഷ്യരുടെ ഉപയോഗത്തിനുള്ളതാണ്. ഇനി ആളുകൾ കണക്കാക്കുന്ന വർഷം ശരിയാണെങ്കിൽ പോലും അതിനു യാ

തൊരു വ്യത്യാസവും ദൈവ മുൻപാകെ ഇല്ല. മററു വർഷങ്ങളെ പോലെ 2000വും കടന്നു പോയി എന്ന വസ്തുത നമുക്കു അറിയാം. ദൈവ വചനം പരിശോധിച്ച് വേണം നാം വിശ്വസിക്കുവാൻ. മനുഷ്യരിൽ ആശ്രയിച്ച് പോയാൽ നാം ദൈവത്തിൻെറ അടുക്കൽ എത്താതിരിക്കും.

കർത്താവ് വീണ്ടും വന്നു യെരുശലേമിൽ നീതിമാന്മാരോടു കൂടെ അവരെ ആയിരമാണ്ടു വാഴും എന്ന വിശ്വാസം അപഹാസ്യമാണ്. ബൈബിളിൽ ഒരിടത്തും ആ ഉപദേശം പഠിപ്പിക്കുന്നില്ല. യേശു എന്തിനാണ് ഈ ഭൂമിയിൽ വീണ്ടും വരുന്നതു ? ഒരിക്കൽ അവൻ വന്നു; അവനെ തള്ളികളഞ്ഞു ക്രൂശിച്ചു കൊന്നു. അതൊരു ഉദ്ദേശത്തിനു വേണ്ടിയായിരുന്നു അവൻ ആദ്യം വന്നതു. എന്നാൽ അവൻ വീണ്ടും വരുന്നതു എന്തിനാണ് ? ഉദ്ദേശം എന്താണ് ? അപ്പൊസ്തലന്മാർ കാൺകെയാണ് യേശു സ്വർഗ്ഗാരോഹണം ചെയ്തതു. അപ്പോൾ വെള്ള വസ്ത്രം ധരിച്ച രണ്ടു പുരുഷന്മാർ അവരുടെ അടുക്കൽ നിന്നു: ഗലീലാപുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കി നില്ക്കുന്നതെന്തു ? നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നേ അവൻ വീണ്ടും വരും എന്നു പറഞ്ഞു'' (പ്രവൃത്തി 1:11). അവൻ വീണ്ടും ഈ ഭൂമിയിൽ കാൽ ചവിട്ടും എന്നു ഒരിക്കലും പറഞ്ഞിട്ടില്ല. ''നാം ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എന്നേക്കും കർത്താവിനോടു കൂടെ ഇരിക്കും'' (1 തെസലൊനിക്യർ 4:16-17).

എന്നാൽ ആയിരമാണ്ടു വാഴ്ച്ച അവകാശപ്പെടുന്നവർ ആനന്ദാതിരേകത്തിലും ഭൗതികമായ ഭരണത്തിലും ആശ്രയിക്കുകയാണ്. യേശുവിൻെറ രാജ്യം ഈ ലോക പ്രകാരമുള്ളതല്ല എന്നു കർത്താവു തന്നെ പറഞ്ഞിട്ടുള്ളതാകുന്നു. അവൻ വരുമ്പോൾ ലോകം അവസാനിക്കുകയാണ്.

ഭൂമിയും അതിലുള്ളതൊക്കെയും വെന്തു പോകും. നമ്മ വിശ്വസിക്കേണ്ടതു ദൈവശ്വാസീയമായ തിരുവെഴുത്തുകളെയാണ് നാമധേയ വിഭാഗങ്ങളിലെ ഉപദേഷ്ടാക്കന്മാരെയോ അദ്ധ്യക്ഷന്മാരെയോ അല്ല.

മാത്രമല്ല കംപ്യൂട്ടർ ലോകത്തിൽ എല്ലാവരേയും ഭയപ്പെടുത്തിയ ഒന്നായിരുന്നു Y2K. അതായതു രണ്ടായിരമാണ്ടിൽ ലോകത്തുള്ള കംപ്യൂട്ടറുകളെല്ലാം നിശ്ചലമാകും. അതുകൊണ്ടു കംപ്യൂട്ടറിനെ ആശ്രയിച്ചുള്ള സ്ഥാപനങ്ങളെല്ലാം ചില മുൻകരുതലുകൾ എടുത്തിരുന്നു. ശേഖരിക്കാവുന്നത്ര വെള്ളം, ഭക്ഷണം, പണം എന്നിവ സ്വരൂപിച്ചു വെച്ചു. കാരണം കമ്പ്യൂട്ടറുകൾ തകരാറിലായാൽ അതു ശരിയാകുന്നതുവരെ പിടിച്ചു നില്ക്കണമല്ലോ. പക്ഷെ 2000-ത്തിൽ സംഖ്യാപരമായ ചില തിരുത്തലുകൾ മാത്രമാണ് അനിവാര്യമായി വന്നതു. ആ ഭയവും അസ്ഥാനത്തായിരുന്നു എന്നു തെളിഞ്ഞു.

എങ്ങനെയായാലും 21-ാം നൂറ്റാണ്ടിലെ ജനങ്ങളുടെ ഉത്തരവാദിത്വവും കടമയും നിർവ്വഹിക്കണം. സമയം ഉള്ളപ്പോൾ, ലോകം ഉള്ളപ്പോൾ ദൈവത്തിലും ദൈവം അയച്ച ക്രിസ്തുവിലും വിശ്വസിക്കുക. കർത്താവും രക്ഷിതാവുമായ ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കുക. വിശ്വസിക്കയും സ്നാനമേല്ക്കുകയും ചെയ്യുന്നവരെ കർത്താവു രക്ഷിക്കുകയും തന്റെ സഭയിലേക്കു ചേർക്കുകയും ചെയ്യും. പിന്നീട് വിശ്വസ്തതയോടെ കർത്താവിന്റെ വരവു വരെ അഥവാ മരണം വരെ കർത്താവിനെ എതിരേല്പാൻ ഒരുങ്ങുക. പിന്നീട് ഒന്നിനെ കുറിച്ചും ഭയപ്പെടേണ്ട ആവശ്യമില്ല (എബ്രായർ 11:6; യോഹന്നാൻ 14:1-3; മർക്കോസ് 16:16; പ്രവൃത്തി 2:38-47; വെളിപ്പാട് 2:10).

*

# ഒരു പുതിയ ഹൃദയം മനുഷ്യനു ആവശ്യമാണ്

യിരെമ്യാ പ്രവാചകൻ ഹൃദയത്തിന്റെ അവസ്ഥയെ മുന്നറിയിച്ചിട്ടുണ്ട്. ''ഹൃദയം എല്ലാററിനേക്കാളും കപടവും വിഷവുമുള്ളതു; അതു ആരഞ്ഞെറിയുന്നവൻ ആർ''? (യിരെമ്യാവ് 17:9). ദൈവം ചെയ്യുന്നതു ഹൃദയത്തെ തന്നെ മാററി വേറൊന്നു നല്കുകയാണ്. ''ഞാൻ നിങ്ങൾക്കു പുതിയൊരു ഹൃദയം തരും. ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്നു നീക്കി മാംസമുള്ള ഹൃദയം തരും'' (യെഹെസ്കേൽ 36:26). അപ്പൊസ്തലനായിരുന്ന പൗലൊസ് ഈ ലേഖകനേക്കാൾ ശുദ്ധമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട് ''പുറമെ യെഹൂദനായവൻ യെഹൂദനല്ല; പുറമെ ജഡത്തിലുള്ളതു പരിച്ഛേദനയുമല്ല; അകമെ യെഹൂദനായവനത്രെ യെഹൂദൻ; അക്ഷരത്തിലല്ല ആത്മാവിലുള്ള പരിച്ഛേദനയത്രേ പരിച്ഛേദന. അവന്നു മനുഷ്യനാലല്ല, ദൈവത്താൽ തന്നെ പുകഴ്ച ലഭിക്കും'' (റോമർ 2:28-29).

ഹൃദയ പരിച്ഛേദന എങ്ങനെയാണ് നമ്മിൽ വരുത്തുന്നതു ? പ്രാകൃത സ്വഭാവത്തെ മാററുന്നതിനു വിവരിച്ചിരിക്കുന്നതാണ് ഇതു. മനുഷ്യന്റെ ഹൃദയത്തിൽ നിന്നാണ് തിന്മ പുറപ്പെട്ടു അവനെ അശുദ്ധമാക്കുന്നതു. പൗലൊസ് എഴുതിയിരിക്കുന്നു: ''അവനിൽ നിങ്ങൾക്കു ക്രിസ്തുവിന്റെ പരിച്ഛേദനയാൽ ജഡ ശരീരം ഉരിഞ്ഞു കളഞ്ഞതിനാൽ തന്നേ കൈകൊണ്ടല്ലാത്ത പരിച്ഛേദനയും ലഭിച്ചു. സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാര ശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കയും ചെയ്തു'' (കൊലൊസ്സ്യർ 2:11-12). സ്നാനമേല്ക്കുക എന്നതു ഒരു ഭൗതികമായ പ്രവൃത്തിയല്ല. ശരിയായി മാനസാന്തരപ്പെടുന്ന ഒരാൾക്കു ദൈവം അപ്പോൾ പുതിയ ഹൃദയം കൊടുക്കുന്നു. ആ

സമയത്താണ് ഒരു വ്യക്തിയിൽ വസിക്കേണ്ടതിനു പരിശുദ്ധാത്മാവിനെ ദാനമായി നല്കുന്നതു. കർത്താവാണ് ഒരാളുടെ ഹൃദയത്തിൽ പരിച്ഛേദന വരുത്തുന്നതു. ഈ പുതിയ ആരംഭത്തെ കുറിച്ചു പത്രൊസ് പറയുന്നതു: "എന്നാൽ സത്യം അനുസരിക്കയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജമായ സഹോദര പ്രീതിക്കായി നിർമ്മലീകരിച്ചിരിക്കകൊണ്ടു അന്യോന്യം ഉററു സ്നേഹിപ്പിൻ" (1 പത്രൊസ് 1:22). വ്യക്തിപരമായ നേട്ടമോ, സ്വാർത്ഥതയോ കൂടാതെയുള്ള ക്രിസ്തുവിൻെറ സ്നേഹമായിരിക്കും പുതിയ ഹൃദയത്തിൽ നിന്നും ഉത്ഭവിക്കുക.

## ദൈവത്തെ നമസ്ക്കരിക്കൽ

ദൈവം ഒരു പുതിയ ഹൃദയം നമ്മുടെ ഉള്ളിൽ സൃഷ്ടിക്കുന്നതോടെ ശുദ്ധീകരണ പ്രക്രിയ നമ്മിൽ തുടങ്ങുന്നു. ഉയരത്തിലുള്ള ദൈവത്താൽ ജനിച്ചു ദൈവ മക്കളായി തീർന്നവർ "തന്നെ സൃഷ്ടിച്ചവൻെറ പ്രതിമ പ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലൊ" (കൊലൊസ്യർ 3:10). കൃപാസനത്തിൻ മുൻപിൽ ആത്മീയ നമസ്ക്കാരത്തിനു വേണ്ടിയുള്ള തേജസ്ക്കരിക്കപ്പെട്ട ക്രിസ്തുവിൻെറ പ്രതിമയാണ് ഈ പുതിയ സൃഷ്ടി. അവൻ പരിശുദ്ധനായിരിക്കുന്നതുപോലെ ഈ പുതിയ സൃഷ്ടിയും വിശുദ്ധനായിരിക്കണം. നീതിയിലും വിശുദ്ധിയിലും സത്യത്തിലും എല്ലാ സ്ഥലത്തും എല്ലാ സമയത്തും വിശുദ്ധിയിലായിരിക്കും. പുതിയ സൃഷ്ടി വിശുദ്ധമാകയാൽ എല്ലാം ശുദ്ധമായി ഉപയോഗിക്കും.

ദൈവം മനുഷ്യനുമായി പ്രവർത്തിക്കേണ്ട മുഴുവൻ ഉദ്ദേശത്തെയും വ്യക്തമാക്കുന്നതാണ് ദൈവാരാധന.

(ശേഷം അടുത്ത ലക്കത്തിൽ)

★

# നമുക്കു എങ്ങനെ ദൈവത്തെ കാണാം ?

**ഫ്രാൻസീസ് ഡേവിഡ്**

ദൈവത്തെ അന്വേഷിക്കുന്നവരും കാണാൻ ആഗ്രഹിക്കുന്നവരും അനേകരാണ്. ദൈവത്തെ മുഖാമുഖമായി കണ്ടെങ്കിൽ കൊള്ളാമായിരുന്നു എന്നാണ് ചിലർ ആഗ്രഹിക്കുന്നതു. ദൈവത്തെ കാണുവാനായി അവർ എല്ലാ വിധത്തിലുള്ള വഴികളും ഉദ്യമങ്ങളും ആരാഞ്ഞുകൊണ്ടിരിക്കും. ബൈബിൾ പറയുന്നതു ദൈവം ആത്മാവാകുന്നു എന്നാണ് (യോഹന്നാൻ 4:24). ജഡികനായ മനുഷ്യന്റെ നഗ്നനേത്രത്താൽ അവനെ കാണുവാൻ സാദ്ധ്യമല്ല. എന്നാൽ ദൈവം ഉണ്ട് എന്നു കാണിക്കുന്നതായ പലതും ദൃശ്യവുമാണ്. പ്രപഞ്ചം അവന്റെ കൈവേലയാണ്. വിസ്മയാവഹമായ പ്രകൃതിയിലെ പ്രതിഭാസങ്ങൾ ദൈവത്തിന്റെ ശക്തിയെ വെളിപ്പെടുത്തുന്നു.

ഇന്നു ലോകത്തിലെ മനുഷ്യരുടെ നിയമരഹിതമായ പ്രവൃത്തികൾക്കു അവർ അനുഭവിച്ചുകൊണ്ടിരിക്കുന്നതു നാം കാണുന്നതാണല്ലൊ. ദൈവം എല്ലാം കാണുകയും പ്രതികരണത്തോടെ പ്രവർത്തിക്കയും ചെയ്യുന്നുണ്ട് എന്ന സത്യ വസ്തുത ബൈബിളിൽ വെളിച്ചം പകരുന്നു. "അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു. ദൈവത്തെ കുറിച്ചു അറിയാകുന്നതു അവർക്കു വെളിവായിരിക്കുന്നു. ദൈവം അവർക്കു വെളിവാക്കിയല്ലൊ. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടു വരുന്നു; അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിനു തന്നേ. അ

ഖർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവം എന്നോർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായി തീർന്നു. അവരുടെ വിവേകം ഇല്ലാത്ത ഹൃദയം ഇരുണ്ടുപോയി. ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ടു അവർ മൂഢരായി പോയി; അക്ഷയനായ ദൈവത്തിൻെറ തേജസിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാല്ക്കാലി, ഇഴജാതി എന്നിവയുടെ രൂപ സാദൃശമായി മാററിക്കളഞ്ഞു'' (റോമർ 1:18-25).

ദൈവം മനുഷ്യരെ സൃഷ്ടിച്ചതു അവൻെറ സാദൃശത്തിലും സ്വരൂപത്തിലുമാണ് (ഉല്പത്തി 1:27). മനുഷ്യൻ ദൈവ സാദൃശത്തിൽ സൃഷ്ടിക്കപ്പെട്ടവനായതുകൊണ്ടാണ് അവനിൽ ബുദ്ധിയുള്ളതു. നമുക്കു ചിന്തിക്കാനും വിവേചിക്കാനും, കാണുവാനും കഴിയും. വിശ്വാസത്താൽ, നമ്മുടെ ചിന്തയാൽ നമുക്കു ദൈവത്തെ കാണാം. ഒരാൾ ദൈവത്തിൻെറ വചനവുമായി ബന്ധപ്പെടുമ്പോൾ അതു വായിക്കുന്നു. അവിടെ ദൈവവും മനുഷ്യരും തമ്മിൽ ആശയ വിനിമയം നടത്തുന്നതു കാണാം. ദൈവ പുസ്തകത്തിൽ ദൈവവും മനുഷ്യരും കണ്ടു മുട്ടുന്നു. ശരിയായ കാഴ്ച്ച ഒരാൾക്കു കിട്ടുന്നതു ദൈവ വചനത്തിലൂടെയാണ്. നാം എന്തു പറയണം എങ്ങനെ പ്രവർത്തിക്കണം എന്നറിയാൻ വചനം പരിശോധിക്കണം. ദൈവത്തെ കാണാൻ താല്പര്യപ്പെടുന്നവർ ദൈവേഷ്ടത്തെ ഗ്രഹിക്കണം. ആദ്യ മനുഷ്യനു തുണയായി കൊടുത്ത ഹവ്വ ദൈവ വചനത്തെ മാനിക്കാതെ സ്വന്ത താല്പര്യമനുസരിച്ച് പ്രവർത്തിച്ചു. അതിൻെറ ഫലമായി അവൾ ദൈവ ശാപം ഏററു വാങ്ങി, അവൾ വഞ്ചിക്കപ്പെടുകയായിരുന്നു. ഉൾക്കാഴ്ച്ച നഷ്ടപ്പെടുമ്പോൾ നാം ബാഹ്യ പ്രേരണക്കു വശംവദരായി തീരുന്നു.

അപ്പൊസ്തലനായി തീർന്ന പൗലൊസ് ശൗൽ ആയിരുന്നപ്പോൾ അവൻ ക്രിസ്ത്യാനികളെ ഉപദ്രവിക്കയും മുടിക്കയും ചെയ്തിരുന്നു (പ്രവൃത്തി 26:9). താൻ ചെയ്തു

ന്നതു ശരിയാണെന്നു അവൻ കരുതി തെററു ശരിയാണെന്നു ധരിച്ചു പ്രവർത്തിക്കുന്ന ഒരു പാടു ആളുകളുണ്ട്. സത്യം അവർക്കു വെളിച്ചമായി തീരട്ടെ. നമ്മുടെ കാഴ്ചപ്പാട് മാറണമെങ്കിൽ നമ്മുടെ മനസു തിരിയണം. ഈ ലോകത്തിനു അനുരൂപമാകാതെ ദൈവഹിതമെന്തെന്നു തിരിച്ചറിയാൻ മനസു പുതുക്കണം (റോമർ 12:2). ദൈവത്തെ കാണണമെന്ന ചിന്തയുള്ളവർ ദൈവം വെളിപ്പെടുത്തുന്ന കണ്ണാടിയായ ബൈബിളിൽ നോക്കി ധ്യാനിക്കണം.

ദൈവ വചനത്തിൽ എങ്ങനെയാണ് നാം ദൈവത്തെ കാണുന്നതു? യാദൃശ്ചികമായി വരുന്നതല്ല അതു. അതു നാം ഗൗരവമായി കരുതണം. ഒരു ചടങ്ങായി ബൈബിൾ വായിച്ചാൽ പ്രയോജനമില്ല. മനസിലാക്കി വായിക്കുകയും അതിനെ ധ്യാനിക്കയും വേണം. നിങ്ങളുടെ പോരായ്മകളും കുറവുകളും അതിൽ കാണാം. അതു മാററുവാൻ തീരുമാനമെടുത്താൽ കാര്യം എളുപ്പമാണ്. കാരണം ദൈവം പറഞ്ഞിരിക്കുന്നതു "ഹൃദയ ശുദ്ധിയുള്ളവർ ദൈവത്തെ കാണും" എന്നാണ് (മത്തായി 5:8). വചനം വായിക്കുമ്പോൾ അതിൽ പറയുന്നതു എന്താണെന്നു തിരിച്ചറിഞ്ഞാൽ വിശ്വാസത്തോടെ അനുസരിക്കാൻ തയ്യാറാകണം. ദൈവം നമ്മോടു കല്പിച്ചിരിക്കുന്ന പ്രമാണങ്ങൾ നാം ഗണ്യമാക്കാതിരിക്കുന്നതാണ് പ്രശ്നം.

നാം ആദരവോടെ ദൈവ വചനത്തെ കൈക്കൊള്ളണം. ദൈവത്തെ പരിജ്ഞാനത്താലാണ് നാം അറിയേണ്ടതു. ജ്ഞാനം കുറവാണെങ്കിൽ ദൈവത്തോടു പ്രാർത്ഥിക്കണം (യാക്കോബ് 1:5). നിങ്ങൾ മതപരമായ ആചാരങ്ങളിലൂടെയോ സാമുദായിക വിശ്വാസ പ്രകാരമോ ദൈവത്തെ അന്വേഷിക്കുന്നുവെങ്കിൽ നിങ്ങൾ നിരാശരാകും. കാരണം അതു ലക്ഷ്യം കാണുകയില്ല. ദൈവം കൈപ്പണിയായ ക്ഷേത്രങ്ങളിൽ വസിക്കുന്നില്ല എന്നു തിരിച്ചറിയുക. ബിംബങ്ങളിലും രൂപങ്ങളിലും ദൈവം വസിക്കു

ന്നില്ല (പ്രവൃത്തി 17:24-25). ദൈവം വസിപ്പാൻ ആഗ്രഹിക്കുന്നതു വ്യക്തികളുടെ ഹൃദയത്തിലാണ്. പിതാവിനെ കാണിച്ചു തന്നാൽ മതി എന്നു ഫിലിപ്പോസ് യേശുവിനോടു പറയുകയുണ്ടായി. അതിനു യേശു പറഞ്ഞതു, എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു എന്നാണ്. അനേകം ആളുകൾ അതു മനസിലാക്കിയിട്ടില്ല.

നമ്മുടെ പിതാക്കന്മാർ എന്തു ചെയ്തു എന്നു പരിശോധിക്കാം. ദാവീദിനെ കുറിച്ചു പറഞ്ഞ ശേഷം, അവൻ ദൈവത്തിന്റെ മുൻപാകെ കൃപ ലഭിച്ചു, യാക്കോബിന്റെ ദൈവത്തിനു ഒരു വാസസ്ഥലം ഉണ്ടാക്കുവാൻ അനുവാദം അപേക്ഷിച്ചു. ശലോമോൻ അവന്നു ഒരു ആലയം പണിതു. അത്യുന്നതൻ കൈപ്പണിയായതിൽ വസിക്കുന്നില്ല താനും. ''സ്വർഗ്ഗം എനിക്കു സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു; നിങ്ങൾ എനിക്കു പണിയുന്ന ആലയം ഏതു വിധം ? എന്റെ വിശ്രമ സ്ഥലവും ഏതു ? ഇതൊക്കെയും എന്റെ കയ്യല്ലയോ ഉണ്ടാക്കിയതു എന്നു കർത്താവു അരുളിച്ചെയ്യുന്നു എന്നു പ്രവാചകൻ പറയുന്നുല്ലൊ'' (പ്രവൃത്തി 7:46-50).

നിങ്ങൾ എന്താണ് കാണുവാൻ ആഗ്രഹിക്കുന്നതു ? ദൈവവുമായി എന്നേക്കും ജീവിക്കുവാൻ താല്പര്യപ്പെടുന്നുണ്ടോ ? എങ്കിൽ ദൈവ വചനത്തിൽ പ്രമാണിപ്പാൻ പറഞ്ഞിരിക്കുന്ന കല്പനകളും ഉപദേശങ്ങളും അനുസരിക്കുക. ആത്മാവിന്റെ രക്ഷ ഉറപ്പു വരുത്തുക. നിത്യ ജീവന്റെ വചനമാണ് നിങ്ങളെ രക്ഷിക്കുവാനും ശിക്ഷിക്കുവാനുമായിട്ടുള്ളതു. സത്യവചനം നിങ്ങൾ രക്ഷക്കായി അനുസരിക്കും എന്നു ഞങ്ങൾ കരുതുന്നു.

★

# വാർത്തകൾ

## ലോഡ്ഷെഡിങ് 15 മുതൽ ഇല്ല

സംസ്ഥാനത്തു 15 മുതൽ ലോഡ്ഷെഡിങ് പിൻവലിക്കാൻ തീരുമാനിച്ചു. ഇനി വൈദ്യുതി നിരക്ക് വർധിപ്പിക്കാൻ സർക്കാർ ആഗ്രഹിക്കുന്നില്ലെന്നും മുഖ്യമന്ത്രി എ.കെ. ആന്റണി അറിയിച്ചു.

മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന ഉന്നത തല യോഗമാണ് ഈ തീരുമാനമെടുത്തത്. രണ്ടാഴ്ചയായി അവലോകനം നടത്തിയിരുന്നു. സംസ്ഥാനത്തെ അണക്കെട്ടുകളിൽ ഇപ്പോഴും സംഭരണശേഷിയുടെ 21.5% വെള്ളമുണ്ട്. ഇതു കഴിഞ്ഞ വർഷത്തെക്കാളും കൂടുതലാണ്. കുറച്ചു കൂടി കാത്തിരിക്കണമെന്ന് വൈദ്യുതി ബോർഡ് ആവശ്യപ്പെട്ടെങ്കിലും ജനാഭിപ്രായം മാനിച്ചാണ് ലോഡ് ഷെഡിങ് പിൻവലിക്കുന്നതെന്നു മുഖ്യമന്ത്രി പറഞ്ഞു.

ഇത്തവണ പ്രതീക്ഷിച്ചതിലും നേരത്തെ ഇടവപ്പാതി ആരംഭിച്ചു. കാലവർഷം നന്നായിരിക്കുമെന്നാണു പ്രതീക്ഷ. വില കൂടിയ വൈദ്യുതി ഇപ്പോഴും വാങ്ങുന്നില്ല. ലോഡ്ഷെഡിങ് പിൻവലിക്കുന്നതോടെ ജലവൈദ്യുതി ഉത്പാദനം വർധിപ്പിക്കും. 99 മുതലാണ് ലോഡ്ഷെഡിങ് ഏർപ്പെടുത്തിയത്. ഇടയ്ക്കു നഗരങ്ങളിൽ മാത്രം പിൻവലിക്കുകയും പിന്നീട് ഏർപ്പെടുത്തുകയും ചെയ്തു. മഴ കുറഞ്ഞാൽ വീണ്ടും ലോഡ്ഷെഡിങ് ഏർപ്പെടുത്താതെ മാർഗമില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

## ലീവ് സറണ്ടർ പുനസ്ഥാപിച്ചു

സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം പൂർണമായി പുനസ്ഥാപിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. 20 ദിവസത്തെ ലീവ് സറണ്ടറിൽ 10 ദിവസത്തേത് നേരത്തെ പുനസ്ഥാപിച്ചിരുന്നു. പുതിയ തീരുമാനത്തോടെ 20 ദിവസത്തെയും ആനുകൂല്യം ജീവനക്കാർക്കു ലഭിക്കും.

ഇതിന്റെ സാമ്പത്തികബാധ്യത കണക്കിലെടുക്കുന്നില്ലെന്നും ഘട്ടംഘട്ടമായി മുഴുവൻ ആനുകൂല്യങ്ങളും തിരിച്ചു നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ജീവനക്കാരെക്കൂടെനിർത്തി വികസനപ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തിയാൽ, ആനുകൂല്യം നൽകുന്നതുമൂലമുള്ള അധികസാമ്പത്തിക ബാധ്യതയെ അതിജീവിക്കാം. സംസ്ഥാനത്തിന്റെ കടവും പലിശയും എണ്ണിയിരുന്നാൽ ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാനൊക്കില്ല. എല്ലാവിഭാഗം ജനങ്ങളെയും കൂടെനിർത്തുകയാണു സർക്കാരിന്റെ ലക്ഷ്യം. സാമ്പത്തികസ്ഥിതി മോശമായപ്പോഴാണു ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിയന്ത്രിച്ചത്. സ്ഥിതി മെച്ചപ്പെട്ടപ്പോൾ ആനുകൂല്യങ്ങൾ ഭാഗികമായി തിരിച്ചുനൽകി. ഇനിയും ഘട്ടം ഘട്ടമായി പുനസ്ഥാപിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

പട്ടികജാതി, വർഗ കമ്മിഷൻ രൂപീകരിക്കാൻ മന്ത്രിസഭ തീരുമാനിച്ചു. ഈ വിഭാഗക്കാരുടെ അവകാശസംരക്ഷണത്തിനു കർണാടക മാതൃകയിലായിരിക്കും കമ്മിഷൻ രൂപവൽക്കരിക്കുക. നിലവിലുള്ള മദ്യനയം ഒരു മാസത്തേക്കു കൂടി തുടരും. പുതിയ നയത്തിനു രൂപം നൽകാൻ ഉപസമിതിയെ നിയോഗിച്ചെന്നും മുഖ്യമന്ത്രി പറഞ്ഞു.

# സർക്കാർ ഭൂമി: പാട്ടത്തുക പകുതിയാക്കി

സർക്കാർ ഭൂമിയുടെ പാട്ടത്തുക പകുതിയാക്കിയതായി മന്ത്രി കെ. എം. മാണി അറിയിച്ചു. വാണിജ്യ ആവശ്യങ്ങൾക്കുള്ള ഭൂമിയുടെ പാട്ടനിരക്ക് കമ്പോള വിലയുടെ 20 ശതമാനമെന്നത് പത്തുശതമാനമാക്കാനും വാണിജ്യേതര ആവശ്യങ്ങൾക്കുള്ള ദീർഘകാല പാട്ടനിരക്ക് പത്തിൽ നിന്ന് അഞ്ചാക്കാനുമാണ് തീരുമാനം. ഏപ്രിൽ ഒന്നിന്റെ മുൻകാലപ്രാബല്യത്തോടെ ഇതു നടപ്പാക്കുമെന്ന് മന്ത്രി അറിയിച്ചു.

കുടിശിക അടയ്ക്കാനുള്ളവർക്ക് ഒററത്തവണ തീർപ്പാക്കൽ മാതൃകയിൽ ഇളവുകളോടെയുള്ള പ്രത്യേക പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഇതനുസരിച്ച് 95 വരെയുള്ള കുടിശിക മുഴുവനായി അടയ്ക്കണം. എന്നാൽ 95 മുതൽ 2004 മാർച്ച് 31 വരെയുള്ള കാലയളവിലെ കുടിശികയുടെ 25% മാത്രം അടച്ചാൽ മതി. ഏപ്രിൽ ഒന്നുമുതൽ പുതുക്കിയ നിരക്കിലുള്ളതും അടയ്ക്കണം.

വ്യക്തികൾക്കും സംഘടനകൾക്കും ചാരിററബിൾ സൊസൈററികൾക്കും 99 വർഷത്തെ ദീർഘകാലപാട്ടത്തിനുള്ള നിരക്ക് അഞ്ച് ശതമാനമാക്കിയാണ് കുറച്ചിട്ടുള്ളത്. സഹകരണസംഘങ്ങൾക്കും അവയുടെ കീഴിലുള്ള സ്ഥാപനങ്ങൾക്കും ഇതേ നിരക്ക് ബാധകമായിരിക്കും. ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് നിയമപ്രകാരമായി ഉണ്ടായിരിക്കേണ്ട ഭൂമിയുടെ പാട്ടനിരക്ക് കമ്പോളവിലയുടെ രണ്ടു ശതമാനവും. അതിൽകൂടുതൽ വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിച്ചാൽ 10 ശതമാനവുമായിരിക്കും.

## ആറ്റിങ്ങൽ ആർ.ടി.ഒ. ഓഫീസിൽ റെയ്ഡ്; 39,000 രൂപ പിടിച്ചു

വിജിലൻസ് സംഘം ആററിങ്ങൽ ആർ.ടി.ഒ. ഓഫീസിൽ നടത്തിയ റെയ്ഡിൽ 39,000 രൂപയും രേഖകളും പിടിച്ചെടുത്തു. ഒരുമാസത്തിനിടെ ഇവിടെ നടക്കുന്ന രണ്ടാമത്തെ റെയ്ഡാണിത്. വിജിലൻസ് ഡി.ഐ.ജി. ആർ. ശ്രീലേഖയുടെ നിർദ്ദേശപ്രകാരം ബുധനാഴ്ച വൈകിട്ട് അഞ്ചിന് ആരംഭിച്ച റെയ്ഡ് ഇന്നലെ പുലർച്ചെ അഞ്ചുവരെ നീണ്ടു. ആർ.ടി.ഒ. ഓഫീസിലെ സെക്ഷൻ ഓഫീസർ മോഹനന്റെ കാറിൽ നിന്നും 38,000 രൂപയും ഓഫീസ് പരിസരത്തു വലിച്ചെറിഞ്ഞ നിലയിൽ അഞ്ഞൂറിന്റെ രണ്ടു നോട്ടുകളും വിജിലൻസ് സംഘം കണ്ടെത്തി.

അഞ്ഞൂറിന്റെയും നൂറിന്റെയും കെട്ടുകളായിട്ടാണ് 38,000 രൂപ കാറിൽ വച്ചിരുന്നത്. ഓഫീസിനു സമീപത്തെ സ്വകാര്യ ബസ് ഷെഡ്ഡിൽ ഇട്ടിരിക്കുകയായിരുന്നു കാർ. ആർ.ടി.ഒ. ഓഫീസിൽ കൈക്കൂലിയായി ലഭിക്കുന്ന പണം കാറുകളിൽ സൂക്ഷിക്കുന്നതായി വിജിലൻസിനു വിവരം ലഭിച്ചിരുന്നു. നിരവധി ജി ഫോമുകളും പിടിച്ചെടുത്ത രേഖയിൽപെടും. അഞ്ഞൂരുരൂപ സ്ററാംപ് ഒട്ടിച്ച് ആർ.ടി.ഒ. ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ നിലയിലായിരുന്നു ജി ഫോമുകൾ. വാഹനം ഓടാതെ ഗ്യാരേജിൽ ഇട്ടിരിക്കുകയാണെന്നു രേഖപ്പെടുത്തി നികുതി വെട്ടിപ്പിക്കാനാണ് ഈ ജി ഫോമുകൾ ഉപയോഗിച്ചിരുന്നതെന്നു വിജിലൻസ് അധികൃതർ അറിയിച്ചു.

★

# ആരാധിക്കാൻ കുട്ടികളെ പരിശീലിപ്പിക്കൽ

ബെറ്റി ബർട്ടൻ ചോട്ട്

ഉപദേശം എന്ന വാക്ക് നമ്മുടെ മനസിൽ തരുന്ന അക്ഷരിക വിശദീകരണം, പ്രസംഗം, ന്യായാന്യായ വിവേചനം എന്നിവയാണ്. പരിശീലിക്കുക, ശീലിക്കുക എന്നതുകൊണ്ടു അർത്ഥമാക്കുന്നതു പഠിക്കുന്നതുവരെ പ്രാവർത്തികമാക്കുക എന്നാണ്. അതായതു സ്വയമായി ചെയ്യുവാനുള്ള അവസ്ഥ പഠിക്കുക എന്നു സാരം.

നമ്മുടെ കുട്ടികളെ ആത്മീയമായി അഭ്യസിപ്പിക്കേണ്ട കടമ മാതാപിതാക്കളായ നമുക്കു ഉണ്ട്. പ്രത്യേകിച്ചു ദൈവശ്വാസിയ ആരാധന എന്താണെന്നും എങ്ങനെയാണെന്നും കുട്ടികളെ പഠിപ്പിക്കണം. നാം നമ്മുടെ പ്രവർത്തി ശരിയായി ചെയ്താൽ അവർ തങ്ങളുടെ അവകാശങ്ങൾ ഭാവിയിൽ നേടിയെടുക്കും. കാരണം അവർ ദൈവത്തോടു ഏററവും കൂടുതൽ അടുത്തു ജീവിക്കും. ആത്മീയ ലക്ഷ്യമില്ലാതെ ഭൗതികമായി മാത്രം അവരെ പഠിപ്പിച്ചെടുത്താൽ അവർക്കു ലഭിക്കേണ്ട വലിയ നിക്ഷേപം നാം അവരിൽ നിന്നു കവർന്നെടുക്കുകയായിരിക്കും ചെയ്യുക. അവരുടെ ഭാവിയെ എങ്ങനെ രൂപപ്പെടുത്തണം എന്നതിനു ശരിയായ മാർഗ്ഗ നിർദ്ദേശം അവർക്കു കൊടുക്കണം.

ഒരു ഒഴിവു കാലം എടുത്തു കൊണ്ടു ഒരു പ്രത്യേക രോഗത്തിൽ നിന്നു സംരക്ഷണം ലഭിക്കാൻ സാദ്ധ്യതയുണ്ട്. നിർജീവമായ ഗോവസൂരി പ്രയോഗം നമ്മുടെ ശരീരത്തിൽ ചെറിയ പ്രതിപ്രവർത്തനം മാത്രം നടത്തും. ചി

ലപ്പോൾ ശരീരത്തിൽ പാടുകളോ അല്ലെങ്കിൽ പനിയോ ഉണ്ടാകാം. എന്നാൽ ഈ ഗോവസൂരി പ്രയോഗവും പ്രതിപ്രവർത്തനവും രോഗത്തിൽ നിന്നു ഒരു മുക്തി ജീവിതത്തിൽ തരുന്നു.

ആത്മീയ ജീവിതം പുറപ്പെടുവിക്കാത്ത പൊള്ളയായ ക്രിസ്ത്യാനിത്വത്തെ മാത്രം എടുത്തു കാണിക്കുന്ന അവസ്ഥയിലേക്കു കുട്ടികളെ നയിക്കുന്നതു അജ്ഞത മൂലമുണ്ടാകാം. ചിലപ്പോൾ നാം കുട്ടികളെ ആരാധനക്കു കൊണ്ടു പോകാം. ചിലപ്പോൾ അവരെ വചനം വായിച്ചു കേൾപ്പിക്കാം. ചിലപ്പോൾ ഒരു ചടങ്ങായി പ്രാർത്ഥനയും ചൊല്ലി കൊടുത്തേക്കാം. തൽഫലമായി അവർ ചിന്തിക്കുന്നതു ഇത്രയുമേ ചെയ്യേണ്ടതായിട്ടുള്ളു എന്നാണ്. ക്രിസ്ത്യാനിത്വം അവർ ചെയ്തിട്ടുള്ളതാണ് എന്നു അവർ കരുതും. അക്കാരണത്താൽ അവരുടെ ജീവിതത്തിൽ ആത്മീയമായി അവർ ഒന്നുമല്ലാതാകുന്നതുകൊണ്ടു ദൈവം അവരിൽ പ്രവർത്തിക്കയുമില്ല. ഇപ്പോൾ അവർക്കു രോഗമുക്തി വേണ്ടാത്തവരാണ് എന്ന തോന്നൽ ആണുള്ളതു. വാസ്തവത്തിൽ പഠിക്കുവാനുള്ള വാഞ്ഛയില്ലാത്ത, വിശപ്പില്ലാത്ത അവസ്ഥയിലാണവർ. കുറച്ചു വായിച്ചു മതിയാക്കിയതുകൊണ്ടാണ് അങ്ങനെ അനുഭവപ്പെടുന്നതു. ചടങ്ങിനു വേണ്ടി പ്രാർത്ഥിച്ചു അവർ മടുത്തു പോകുന്നു. അവരുടെ ഹൃദയത്തിൽ നിന്നു ദൈവത്തിലേക്കു എത്തുവാൻ വാക്കുകൾ ആവർത്തിക്കില്ല. അവർ ദൈവ സന്നിധിയിൽ കളിക്കുകയോ സംസാരിക്കുകയോ ചെയ്തുകൊണ്ടിരിക്കും. ഹീനമായ ആരാധനക്കായി അവരെ അനുവദിക്കുന്നതു ദൈവത്തെ നാം നിന്ദിക്കുന്നതിനു തുല്യമാണ്.

നമ്മുടെ കുട്ടികൾ പൂർണ്ണ ഹൃദയത്തോടെ ദൈവത്തെ ആരാധിക്കുവാൻ പരിശീലിപ്പിക്കുന്നതെങ്ങനെ ?

1. കുട്ടികൾ, കാര്യങ്ങൾ ശരിയായി മനസിലാക്കാൻ തുടങ്ങുമ്പോൾ തന്നെ ഇട ദിവസങ്ങളിലും രാത്രികളിലും ദൈവത്തെ ആരാധിക്കുന്നതുകൊണ്ടുള്ള സന്തോഷത്തെ അവർക്കു പറഞ്ഞു കൊടുക്കണം. നമ്മുടെ സംസാരവും പ്രകടനവും കർത്തൃ ദിവസത്തിലെ മഹത്തായ ആരാധനാ സന്ദർഭത്തെ ദ്യോതിപ്പിക്കുന്നതായിരിക്കണം.

2. വീട്ടിൽ കുടുംബം ഒത്തൊരുമിച്ചു എപ്പോഴും ദൈവത്തോടുള്ള ആദരവും ബഹുമാനവും പ്രകടിപ്പിക്കണം. കുട്ടികൾ അതു കണ്ടാണ് പഠിക്കുന്നതു.

3. കൂട്ടായ ആരാധനക്കു നാം തയ്യാറെടുക്കുമ്പോൾ ഉപയോഗിക്കുന്ന വാക്കുകളും നമ്മുടെ ജീവിത മാതൃകയും കുട്ടികൾക്കു അനുകരിക്കത്തക്കതാകണം.

4. നാം നമ്മുടെ തന്നെ പെരുമാററത്തെ അഭ്യസിച്ചു കൊണ്ടിരിക്കണം. നാം പൂർണ്ണ ഹൃദയത്തോടെ ദൈവത്തിനു പാടിയാൽ, ശ്രദ്ധയോടെ ദൈവ വചനം കേട്ടാൽ, വിശ്വാസത്താൽ പ്രാർത്ഥിച്ചാൽ ദൈവ വേലക്കായി നാം ഔദാര്യമായി കൊടുത്താൽ, നാം ഇട ദിവസങ്ങളിൽ ജീവിതത്തിന്റെ ഭാഗമായി ഇവയെ കുറിച്ചെല്ലാം സംസാരിച്ചാൽ അവർ ഇതു തങ്ങളുടെ ജീവിതത്തിന്റെ ഭാഗമായി സ്വീകരിക്കും.

5. ആരാധനാ സമയത്തു പാട്ടു പാടുമ്പോൾ കുട്ടികളെ പാട്ടു പുസ്തകം കൊടുത്ത് പേജു നമ്പരും പാട്ടും അവർക്കു സുപരിചിതമാകുന്നതുവരെ പരിശീലിപ്പിക്കണം. അങ്ങനെയായാൽ അവർ അതു സ്വയമായി ചെയ്തുകൊള്ളും.

6. പ്രാരംഭത്തിൽ വായിച്ചു തുടങ്ങുമ്പോൾ തന്നെ കുട്ടികൾക്കു ബൈബിൾ വായിക്കുവാൻ ചെറിയ

ബൈബിൾ നല്കണം. അതു വൃത്തിയായി സൂക്ഷിക്കുവാനും കേടു വരുത്താതിരിക്കുന്നതിനും ശരിയായി ഉപയോഗിക്കുന്നതിനും അവരെ പഠിപ്പിക്കണം. വചനത്തെ സ്നേഹിക്കുവാനും ബഹുമാനിക്കുവാനും ആരാധനക്കു പോകുമ്പോൾ അതു കൊണ്ടു പോകുവാനും അവരെ ഉത്തേജിപ്പിക്കണം.

7. ആരാധനാസമയത്തു കുട്ടികൾ എന്തു ചെയ്യുന്നു എന്നതു മാതാപിതാക്കൾ വീക്ഷിക്കണം. കർത്തൃമേശയുടെ സമയത്തു 8 ഉം 10 ഉം വയസ്സുള്ള കുട്ടികൾ പോലും സംസാരിക്കയും ചിരിക്കയും ചെയ്യുന്നതു ഞാൻ കണ്ടിട്ടുണ്ട്. പാട്ടു പാടുന്നതിനു പകരം കളിച്ചുകൊണ്ടിരിക്കുന്ന കുട്ടികളെ കണ്ടിട്ടുണ്ട്. പ്രാർത്ഥിക്കുമ്പോൾ മററു കുട്ടികളെ ശല്യം ചെയ്യുകയും അതുമിതും ചെയ്തു കൊണ്ടിരിക്കയും ചെയ്യുന്ന കുട്ടികളെ ഞാൻ കണ്ടിട്ടുണ്ട്.

കുട്ടികൾ ചില കാര്യങ്ങളിൽ പ്രായമുള്ളവരെ പോലെയാണ്. ധാരാളം കാര്യങ്ങൾ നാം പഠിക്കുന്നതു ആവർത്തിച്ച് ചെയ്തുകൊണ്ടാണ്. അങ്ങനെയാണ് നാം പരിചയ സമ്പന്നരാകുന്നതു. പ്രാരംഭത്തിൽ തന്നെ കുട്ടികൾ ആരാധനയെ സംബന്ധിച്ചും അതിന്റെ അർത്ഥത്തെ സംബന്ധിച്ചും മനസിലാക്കിയാൽ അതു അവരുടെ ജീവിതം അനുഗ്രഹിക്കപ്പെട്ടതാകും. അതിനു പകരം കുട്ടികളെ കളിക്കുവാനും, ഉറങ്ങുവാനും മററുമായി വിട്ടു കളഞ്ഞാൽ അവർ വെറും ലൗകികരായി വളരും. കുട്ടികളെ ബാല്യത്തിൽ തന്നെ ആരാധനാ ജീവിതവും ക്രിസ്തീയ ജീവിതവും പരിശീലിപ്പിക്കുവാനുള്ള ഉത്തരവാദിത്വം നമുക്കു ഉണ്ട്.

★

# മരണം ആത്മാവിനെ ശുദ്ധീകരിക്കുമോ?

വില്ലാർഡ് തർമൻ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

## ദൈവത്തിന്റെ ന്യായവിധി എന്തു വെളിപ്പെടുത്തും?

മരണം "എല്ലാററിന്റേയും ശുഭ പര്യവസാനം" എന്നു യോഹന്നാന്റെ വെളിപ്പെടുത്തലിൽ ഇല്ല. മറിച്ചു യോഹന്നാൻ പറയുന്നതു: "ഞാൻ കർത്താവിൽ നിന്നു ഒരു ശബ്ദം കേട്ടു; അതു പറഞ്ഞതു: എഴുതുക. ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ. അതേ അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്നു ആത്മാവു പറയുന്നു. കർത്താവിൽ മരിക്കുന്ന മൃതന്മാർ മാത്രമാണ് ഭാഗ്യവാന്മാർ. യേശുക്രിസ്തുവിനു പുറത്തു പാപത്തിൽ ജീവിച്ചിട്ടുള്ള ആളുകൾക്കു മരണശേഷം ഭാഗ്യാവസ്ഥ എന്നൊന്നില്ല,

നീതിമാന്മാരുടേയും ദുഷ്ടന്മാരുടേയും ജീവിതത്തിന്റെ അനന്തര ഫലത്തിലുള്ള വ്യത്യാസത്തെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. "കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതൻമാരുമായി സ്വർഗ്ഗത്തിൽ നിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടുകൂടെ ആശ്വാസവും പകരം നല്കുന്നതു ദൈവ സന്നിധിയിൽ നീതിയല്ലോ. ആ നാളിൽ അവൻ തന്റെ വിശുദ്ധൻമാരിൽ മഹത്വപ്പെടേണ്ടതിനും

ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിക്കുന്നതുപോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയ വിഷയം ആകേണ്ടതിനും വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടു കൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും'', (2 തെസലൊനിക്യർ 1:7-10). നിത്യതയുടെ ഭാഗ്യം ലഭിക്കുന്നതു കർത്താവിൽ ആയി തീർന്നിട്ടു മരിക്കുന്നവർക്കാണ്. ക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കാതെ ക്രിസ്തുവിനു പുറത്തു മരിക്കുന്നവർ രക്ഷയെ തള്ളിക്കളഞ്ഞവരാണ്. അതുകൊണ്ടു അവർക്കു ഭയങ്കര ശിക്ഷാവിധിയാണു അനുഭവിക്കാനുള്ളതു.

## ന്യായവിധിയുടെ പ്രകാശ വശം

ക്രിസ്തുവിൽ ആയിത്തീർന്നവർക്കു പൗലൊസ് നൽകുന്നതു നല്ല വിശേഷം മാത്രമാണ്. ''യേശു മരിക്കയും ജീവിച്ചെഴുന്നേല്ക്കയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെ തന്നെ ദൈവം നിദ്രകൊണ്ടവരെയും യേശു മുഖാന്തരം അവനോടുകൂടെ വരുത്തും. കർത്താവിന്റെ പ്രത്യക്ഷതവരെ ജീവനോടെ ശേഷിക്കുന്നവരായ നാം നിദ്രകൊണ്ടവർക്കു മുൻപാകയില്ല എന്നു ഞങ്ങൾ കർത്താവിന്റെ വചനത്താൽ നിങ്ങളോടു പറയുന്നു'' (1 തെസലൊനിക്യർ 4:14-15). ഇതാണ് ക്രിസ്ത്യാനിയുടെ വാസ്തവത്തിലുള്ള പ്രത്യാശ. തീർച്ചയായും യേശു ഉയിർത്തെഴുന്നേറ്റതു മൂലം ലഭിക്കുന്നതാണ്. ''എന്നാൽ ക്രിസ്തു നിദ്ര കൊണ്ടവരിൽ ആദ്യ ഫലമായി മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേറ്റിരിക്കുന്നു. മനുഷ്യൻ മൂലം മരണം ഉണ്ടാകയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻ മൂലം ഉണ്ടായി. ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും'' (1 കൊരിന്ത്യർ 15:20-22).

ക്രിസ്തു മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റതു

കൊണ്ടാണ് ക്രിസ്തുവിലായി തീർന്ന വിശുദ്ധൻമാർക്കു ഭാഗ്യകരമായ ഉറപ്പ് ലഭിച്ചതു. ആദ്യഫലമായി തീർന്ന നമ്മുടെ രക്ഷിതാവു നമ്മെ രക്ഷിക്കും. ക്രിസ്തുവിൽ മരിച്ചവർ ആദ്യവും പിന്നെ ക്രിസ്തുവിനുള്ളവരും അന്ത്യ നാളിൽ അവനോടു കൂടെ ചേർക്കപ്പെടും. മനുഷ്യാത്മാവിനെ മരണം ശുദ്ധിയാക്കുന്നില്ല എന്നോർക്കുക.

### രണ്ടാമതു ജനിച്ച കുട്ടിക്കാണ് അനുഗ്രഹങ്ങൾ

യേശു നിക്കൊദേമോസിനെ കർശനമായി പഠിപ്പിച്ചു. യേശു അവനോടു: ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും കഴികയില്ല എന്നു ഉത്തരം പറഞ്ഞു. നിക്കൊദേമോസ് അവനോടു: മനുഷ്യൻ വൃദ്ധനായ ശേഷം ജനിക്കുന്നതു എങ്ങനെ ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്നു ജനിക്കാമോ എന്നു ചോദിച്ചു. അതിന്നു യേശു, ആമേൻ ആമേൻ ഞാൻ നിന്നോടു പറയുന്നു; വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല. ജഡത്താൽ ജനിച്ചതു ജഡം, ആത്മാവിനാൽ ജനിച്ചതു ആത്മാവു ആകുന്നു'' (യോഹന്നാൻ 3:3-6).

★

# ഉപകരണ സംഗീതത്തിനു വേണ്ടിയുള്ള വാദം

ലാറി. എം

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ഒരാൾ വിശ്വസിക്കുന്നതും അനുസരിക്കുന്നതും പരിശീലിക്കുന്നതും ദൈവഹിതപ്രകാരം ആയിരിക്കണം. ക്രിസ്തുവും അപ്പൊസ്തലൻമാരും ആദ്യ ക്രിസ്ത്യാനികളും വെളിപ്പെടുത്തി തന്ന മാതൃകയാണ് നാം സ്വീകരിക്കേണ്ടതു.

## പാട്ടു പാടുന്നതിനുള്ള ആഹ്വാനം

ഇടവകയായി ചേർന്നു പാടുവാൻ എവിടെ ബൈബിളിൽ പറഞ്ഞിരിക്കുന്നു എന്ന ചോദ്യം ഉത്ഭവിച്ചേക്കാം. എന്നാൽ സഭയായി കൂടി വരുമ്പോൾ സങ്കീർത്തനവും പാട്ടും ദൈവത്തെ പുകഴ്ത്തുവാൻ ഉള്ള ഘടകങ്ങളാണല്ലൊ. അപ്പൊസ്തലനായ പൗലൊസ്, പാട്ടു പാടുന്നതിനെ കുറിച്ചു പറയുന്നുണ്ട്. "ഞാൻ ആത്മാവുകൊണ്ടും പാടും ബുദ്ധികൊണ്ടും പാടും എന്നു പറഞ്ഞിരിക്കുന്നു (1 കൊരിന്ത്യർ 14:15). മനസിലാക്കികൊണ്ടു പാടുക എന്ന തത്വം അപ്പൊസ്തലൻ ഒരു ക്രിസ്ത്യാനി എന്ന നിലക്കു ഒറ്റക്കു ചെയ്യുന്നതിനെ കുറിച്ചല്ല എന്നു വ്യക്തമാണ്. ഉപസംഹരിച്ചുകൊണ്ടു പറയുന്നതു നിങ്ങൾ കൂടി വരുമ്പോൾ അതു ആത്മിക വർദ്ധനെക്കായി തീരട്ടെ എന്നാണ്. കൊരിന്ത്യ സഭയിൽ അവർ കൂടി വന്നിരുന്നപ്പോൾ ഒരാൾ വിശന്നും മറ്റൊരാൾ ലഹരി പിടിച്ചും ഇരുന്നിരുന്നു. ആത്മാവുകൊണ്ടു പാടുകയല്ലേ നാം കൂടിവരുമ്പോൾ? (1 കൊരിന്ത്യർ 14:14-15). "വീഞ്ഞു കുടിച്ചു മത്തരാകരുതു; അതിനാൽ ദുർന്നടപ്പു ഉണ്ടാകുമല്ലൊ. ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയുംകൊണ്ടിരിപ്പിൻ" (എഫെസ്യർ 5:18-21). ഇതു ക്രിസ്ത്യാനികൾ കൂടി വരുമ്പോൾ ചെയ്യേണ്ടതാണല്ലൊ.

## ജീവിതത്തിനുള്ള മാതൃക

സ്നേഹത്തിൽ സത്യം സംസാരിക്കുവാനാണ് ക്രിസ്ത്യാനികളോടു ദൈവം കല്പിച്ചിരിക്കുന്നതു (എഫെസ്യർ 4:16). ദൈവ വചനം സത്യമാകയാൽ ക്രിസ്ത്യാനികൾ അതു സ്നേഹത്തോടെ അറിയിക്കേണ്ടവരാണ്.

★

# സാത്താന്റെ പ്രധാനപ്പെട്ട യശസ്

## ജോണി. ആർ

എബ്രായ ലേഖനം പതിനൊന്നാം അദ്ധ്യായം പലപ്പോഴും അറിയപ്പെടുന്നതു ദൈവത്തിന്റെ വിശ്വസ്ത ജനങ്ങളുടെ മുഖ്യ ശ്രുതി എന്നതായിട്ടാണ്. ''വിശ്വാസത്താൽ ഹാബേൽ.... വിശ്വാസത്താൽ ഹാനോക്ക്.... വിശ്വാസത്താൽ നോഹ.... വിശ്വാസത്താൽ അബ്രഹാം'' തുടങ്ങി, മോശെ, യോശുവ, എന്നിങ്ങനെ നിരവധി പേരുണ്ട് (എബ്രായർ 11:4-26). ''ലോകം അവർക്കു വിലയില്ലാത്തതായിരുന്നു'' എന്നു തെളിയിക്കുന്ന അത്ഭുതാവഹ ജീവിതം നയിച്ച വ്യൂഹത്തെയാണ് നാം അവിടെ കാണുന്നതു (എബ്രായർ 11:38). ഈ ധീര നായകന്മാർ വാസ്തവത്തിൽ നമ്മുടെ ഹൃദയങ്ങളെ ചൂടു പിടിപ്പിക്കുകയാണ് ചെയ്യുന്നതു.

എന്നിരുന്നാലും സാത്താനും നമ്മെ സത്യത്തിനും സൽഗുണങ്ങൾക്കും എതിരായി പൊള്ളയായ വാഗ്ദാനങ്ങൾ നല്കി, അഭിമാനം വെടിഞ്ഞു അവന്നു പാദസേവ ചെയ്യുന്ന അവസ്ഥയിലേക്കു ഒരു വിശാല സംഘത്തിന്നു പ്രസിദ്ധി വരുത്തുവാൻ കാരണമാകുന്നു എന്നു പറഞ്ഞുകൊള്ളട്ടെ. ആത്മീയമായ ഔന്നത്യം നേടുന്ന വിശ്വസ്തരായി കർത്താവിനെ സേവിക്കുന്നവരും നരകത്തിലേക്കു ദുഷ്ടന്മാരെ എത്തിക്കുന്ന പ്രതിനിധികളും തമ്മിലുള്ള വൈപരീത്യം ഏറെയാണ്. ജഡിക മനുഷ്യൻ വഞ്ചനയിൽ കുടുങ്ങുക എന്നതു സാധാരണ നടന്നുകൊണ്ടിരിക്കുന്ന പ്രതിഭാസമാണ്.

ചരിത്രം മുഴുവനും പരിശോധിച്ചാൽ പ്രത്യേക വെളിച്ചമെന്നു സംശയം ജനിപ്പിക്കുന്ന ദുഷിച്ച പ്രവണതക

ളായ മൂന്നു സ്വഭാവങ്ങളാണ് അസൂയ, അത്യാഗ്രഹം, അഹംഭാവം എന്നിവ. "ഇവരോ തങ്ങൾ അറിയാത്തതു എല്ലാം ദുഷിക്കുന്നു; ബുദ്ധിയില്ലാത്ത മൃഗങ്ങളെപോലെ സ്വാഭാവികമായി ഗ്രഹിക്കുന്നവയാൽ ഒക്കെയും തങ്ങളെത്തന്നെ വഷളാക്കുന്നു. അവർക്കു അയ്യോ കഷ്ടം! അവർ കയീന്റെ വഴിയിൽ നടക്കയും കൂലി കൊതിച്ചു ബിലെയാമിന്റെ വഞ്ചനയിൽ തങ്ങളെത്തന്നെ ഏല്പിക്കയും കോരഹിന്റെ മത്സരത്തിൽ നശിച്ചു പോകയും ചെയ്യുന്നു" (യൂദാ 10-11). നമ്മുടെ സമൂഹത്തെ നശിപ്പിക്കുന്ന മാരകമായ ശൈലിയാണ് ഇവ. ചിലപ്പോൾ കർത്താവിന്റെ ശരീരമായ സഭയിലും ഇതു കാണപ്പെടുന്നുണ്ട് എന്നു ഖേദപൂർവ്വം പറയട്ടെ. ജീവിതം എന്നതു പ്രശ്ന പരിഹാരത്തിനുള്ളതല്ല; മറിച്ചു ആസ്വദിക്കാനുള്ള ഒരു ദാനമാണ്. ചിലർ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരാണ്. നാമായിട്ടു പ്രശ്നങ്ങൾ ഉണ്ടാക്കാതിരിക്കുക.

സാത്താന്റെ പുറകെ പോകുന്നവർ നിരവധിയാണ്. എന്നാൽ അവരിൽ കുപ്രസിദ്ധിയാർജ്ജിച്ചവരുടെ പട്ടിക ബൈബിളിൽ കൊടുത്തിട്ടുണ്ട്. യിസെബേൽ, യെരോബയാം, ഹെരോദാവ് തുടങ്ങിയവരാണ് അവർ. തെററായ ആരാധനയും ഭീരുത്വവും, ദുർന്നടപ്പും തുടങ്ങി പിശാചിന്റെ മോശമായ പ്രവൃത്തികൾ ചെയ്തു പോന്നവരായിരുന്നു അവർ. സത്യത്തെ ഇഷ്ടപ്പെടാത്തവളും വിഗ്രഹങ്ങളെ സേവിക്കുകയും മററുള്ളവരെ അതിനു പ്രേരിപ്പിക്കയും ചെയ്തവളായിരുന്നു യിസെബേൽ. ആയിരക്കണക്കിനു ആളുകൾ അവളെയും യെരോബെയാമിനെയും അനുകരിക്കുന്നുണ്ട്. ഇസ്രായേൽ ദേശത്തെ പാപത്തിലേക്കു നയിച്ചവരിൽ ഈ രണ്ടുപേർ മുൻപന്തിയിൽ നില്ക്കുന്നു. ദൈവികതത്വത്തെ മാനിക്കാതെ ദൈവ കല്പനകൾക്കു പകരം മാനുഷിക കല്പനകൾ സ്വീകരിക്കാൻ താല്പര്യപ്പെടുന്നവരും അതിനു പ്രേരിപ്പിക്കുന്നവരും ലോകത്തിൽ നിറഞ്ഞിരിക്കയാണ്. അസൂയകൊണ്ടോ,

അത്യാഗ്രഹം കൊണ്ടോ ഗുണമില്ലെന്ന തിരിച്ചറിവു ആളുകളിൽ ഇല്ല. വശീകരിക്കത്തക്ക ശക്തി ഇതിനുണ്ട്. ഹൃദയത്തെ ഇത്തരം ചിന്താഗതിയിലേക്കു തിരിച്ചു വിടുന്നതു പിശാചാണ്. നാശകരമായ ഇത്തരം സ്വഭാവം മനുഷ്യരുടെ സ്വസ്തത തന്നെ നശിപ്പിക്കുന്നതാണ്.

ഇസ്രായേൽ ജനം യെരുശലേമിൽ പോയി ആരാധിച്ചിരുന്നു. എന്നാൽ യെരോബെയാം രാജാവ് പൊന്നുകൊണ്ടുള്ള കാളക്കുട്ടിയെ ഉണ്ടാക്കി ഇതാണ് നിങ്ങളുടെ യഹോവ എന്നും ഇനി നിങ്ങൾ യെരുശലേമിൽ പോകേണ്ടതില്ല എന്നും കല്പിച്ചു (1 രാജാക്കന്മാർ 12:28). ദൈവകല്പനക്കു വിരുദ്ധമായി പ്രവർത്തിക്കാൻ ആളുകളെ നിർബന്ധിക്കുകയായിരുന്നു അവർ. ധാർമ്മിക ശുദ്ധിയെ മാററിമറിക്കുന്ന പ്രാകൃതമായ ആഗ്രഹ നിവർത്തിക്കായി പ്രവർത്തിച്ച രാജാവായിരുന്നു ഹെരോദാവ്. സഹോദരൻെറ ഭാര്യയെ വെച്ചുകൊണ്ടിരിക്കുന്നതു തെററാണെന്നു പറഞ്ഞ യോഹന്നാൻ സ്നാപകൻെറ ശിരസു ഛേദിക്കുവാൻ കല്പന പുറപ്പെടുവിച്ച കിരാതനായ ഒരു ഇടപ്രഭുവായിരുന്നു അവൻ (മത്തായി 14:9). നമ്മുടെ കാലത്തും ധാർമ്മികത വിട്ടുവീഴ്ച്ച ചെയ്യുന്നതു സാധാരണ സംഭവം തന്നെ. രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല. മുമ്പെ അവൻെറ രാജ്യവും നീതിയും അന്വേഷിക്കുക (മത്തായി 6:24-33).

പാപത്തിൻെറ ബലിഷ്ട കരങ്ങളുള്ളവരായിരുന്നു പിലാത്തോസും ഫെലിക്സും ഏലിമാസും. പാപത്തിൻേറയും ദുഃഖത്തിൻേറയും മദ്ധ്യേ നിലകൊണ്ട വ്യക്തികളായിരുന്നു അവർ. ആത്മിയ ഗോളത്തിലെ ശക്തമായ ആത്മാർത്ഥത; ദൈവഭക്തി, സത്യത്തിൻെറ മനോഹാരിത എന്നിവയെ തടസപ്പെടുത്തുന്നതായിരുന്നു അവരുടെ അധികാര ശക്തി. ഇന്നും അനേകം ആളുകൾ അവരെ പോലെയാണ് (പ്രവൃത്തി 13:8; 24:24-25). മനുഷ്യൻെറ വ്യർത്ഥമായ പരിശ്രമങ്ങൾ അവനെ നാശത്തിലേ

ക്കു നയിക്കുന്നവയാണ്. ''യഹോവേ, മനുഷ്യനു തന്റെ വഴിയും നടക്കുന്നവന്നു തന്റെ കാലടികളെ നേരെയാക്കുന്നതും സ്വാധീനമല്ല എന്നു ഞാൻ അറിയുന്നു'' (യിരെമ്യാവ് 10:23). സ്വന്തം കഴിവിൽ ആശ്രയിച്ചു ജീവിക്കുന്നവർക്കുള്ള പ്രബോധനമാണ് താഴെ കൊടുക്കുന്നതു. ''ഗിദെയോൻ അവരോടു: ഞാൻ നിങ്ങൾക്കു രാജാവാകയില്ല; എന്റെ മകനും ആകയില്ല; യഹോവയത്രേ നിങ്ങളുടെ രാജാവ് എന്നു പറഞ്ഞു'' (ന്യായാധിപന്മാർ 8:23).

നമ്മുടെ ഈ തലമുറയിലും ദശ ലക്ഷക്കണക്കിനു ആളുകളെ നരകത്തിലെത്തിക്കാൻ സാത്താനെ സഹായിക്കുന്ന വലിയൊരു കൂട്ടം പ്രവർത്തിക്കുന്നുണ്ട്. അഭക്തിയോടെ ജീവിക്കുന്ന മാതാപിതാക്കൾ, ദുരുപദേഷ്ടാക്കന്മാർ, മത്സരികളായ യുവാക്കൾ, ഇടർച്ച വരുത്തുന്നവർ, ദുർന്നടപ്പുകാരായ സ്നേഹിതർ എന്നു തുടങ്ങി ഒട്ടനവധിപേർ ഇവരിൽ പെടുന്നു. ഈ ലോകത്തിലെ മായയായ സന്തോഷത്തിനു വേണ്ടി നിത്യമായ സ്വർഗ്ഗം നഷ്ടമാക്കുകയാണ് അവർ. സന്തോഷവും സമാധാനവും യാഥാർത്ഥ്യമാക്കുന്നതിനു പകരം വഞ്ചനയുടെ ആകർഷണ വലയത്തിൽ കുടുങ്ങിയിരിക്കുകയാണ് ഇവർ. അവസാനം മാത്രമെ തങ്ങൾ സഞ്ചരിച്ചിരുന്നതു തെററായ വഴിയിലായിരുന്നു എന്നു അവർ തിരിച്ചറിയുകയുള്ളൂ.

ദൈവത്തിനു കീഴ്പ്പെട്ടു പിശാചിനോടു എതിർത്തു നില്പിൻ എന്നാണ് തിരുവെഴുത്തു പറയുന്നതു (യാക്കോബ് 4:7). പ്രവൃത്തി അത്ര എളുപ്പമല്ല. പിശാചിന്റെ ശക്തിയെ നാം ലഘുവായി കാണരുതു. ''എന്നാൽ നിങ്ങളിൽ ഉള്ളവൻ ലോകത്തിലുള്ളവനേക്കാൾ വലിയവനാകുന്നു എന്നതു ആശ്വാസകരം തന്നെ (1 യോഹന്നാൻ 4:4). സത്യത്തിൽ നിലനില്ക്കുന്ന നിത്യജീവൻ ആഗ്രഹിക്കുന്നവർ ഈ വിധത്തിലുള്ള സാത്താന്റെ ആകർഷണത്തിൽ അകപ്പെടുകയില്ല.

★

# HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6:45 A.M. - 7:00 A.M. and Thursdays, 6:45 AM - 7:00 A.M. Speaker Sunny David, Box 3815, New Delhi - 110049 |
| **Malayalam** | Friday 3:45 - 4.00 pm.<br>Speaker : P.K. Varghese<br>Box 5540, Trivandrum - 34 |
| **Tamil** | Mondays, Tuesdays, Wednesdays Thursdays, Fridays 5:30 P.M. to 5.45 P.M. Speaker, P.R. Swamy, Box 8405, Bangalore 560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M. - 2:15 P.M. Speaker, Joshua Gootam, Box 80, Kakinada - 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum - 695 035, Kerala, India

**Annual subscription: Rs. 50/-**
Reg. No.K. Dis. 90095/86/A8.Reg. No. KL(N) 22/2003-2005
Licensed to post without prepayment No. Tech/62-2 TV(N) 40/2004

*Join us to worship God in spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum - 35

**Sunday - worship - 10.00am**
**Tuesday - Bible Study - 6.00pm**

**ALL ARE WELCOME**

**All correspondence should be sent to the Editor, The Bible Truth, Post Box No. 5540, Trivandrum - 34, Kerala, India**

*To*

*From*

**THE BIBLE TRUTH**
Church of Christ
Thampuranmukku
Trivandrum -695035
Kerala, India
Phone: 2303378